മഴക്കാലത്ത് കന്നുകാലികളിൽ പടർന്നുപിടിക്കുന്ന പകർച്ചവ്യാധികൾ

100 [3381] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:

,, എം. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാലത്ത് കന്നുകാലികളിൽ പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്നതായി വിവരം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരത്തിൽ പടർന്നുപിടിക്കുന്ന പകർച്ചവ്യാധികൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം പകർച്ചവ്യാധികളെക്കുറിച്ച് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുള്ള എന്തെല്ലാം നടപടികൾ എടുത്തുവരുന്നു എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ, ബി) ചില ജില്ലകളിൽ കുളമ്പുരോഗം ബാധിച്ചിട്ടുള്ളതായി വിവരം ലഭിച്ചിട്ടുണ്ട്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം ജില്ലകളിലാണ് കൂടുതൽ കന്നുകാലികൾക്ക് രോഗബാധ ഉണ്ടായിട്ടുള്ളത്. തിരുവനന്തപുരം, കോട്ടയം ജില്ലകളിലായി രണ്ട്-സ്ഥലത്ത് ആന്ത്രാക്സ് രോഗം സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യുന്ന സ്ഥലങ്ങളിൽ പ്രദേശത്തെ വെറ്ററിനറി ഡോക്ടർമാർക്കു പുറമേ പാലോട് പ്രവർത്തിക്കുന്ന ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ലാബിലെ വിദഗ്ദ്ധർ പരിശോധന നടത്തുകയും ആവശ്യമായ സാമ്പിളുകൾ വിദഗ്ദ്ധ പരിശോധനയ്ക്കായി ശേഖരിക്കുകയും ചെയ്തിട്ടുണ്ട്. രോഗ നിയന്ത്രണത്തിനാവശ്യമായ എല്ലാ വിവരങ്ങളും കർഷകർക്ക് മനസ്സിലാക്കി കൊടുക്കുന്നുണ്ട്. കൂടാതെ തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ ആന്ത്രാക്സ് രോഗബാധയുണ്ടായപ്പോൾ രോഗപര്യവേക്ഷണത്തിനായി ബാംഗ്ലൂരിലെ സതേൺ റീജിയണൽ ഡിസീസ് ഡയഗ്നോസ്റ്റിക് ലാബറട്ടറിയിൽ നിന്നും വിദഗ്ദ്ധസംഘത്തെ കൊണ്ടുവരുകയും കൂടുതൽ പഠനം നടത്തുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ജന്തുജന്യരോഗമായതിനാൽ വേണ്ട മുൻകരുതൽ രോഗ നിയന്ത്രണ നടപടികളെ സംബന്ധിച്ച് മൃഗസംരക്ഷണ രംഗത്തേയും ആരോഗ്യ രംഗത്തേയും വിദഗ്ദ്ധരെ ഉൾക്കൊള്ളിച്ച് ബോധവൽക്കരണ ക്യാമ്പുകൾ തുടങ്ങിയവ നടത്തിയിട്ടുണ്ട്. ഈ രോഗങ്ങളെ സംബന്ധിക്കുന്ന ലഘുലേഖകൾ കർഷകർക്ക് നൽകുന്നുണ്ട്. പത്ര ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ ഈ രോഗങ്ങളെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കുന്നുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly